# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

GMLPS MANJERI EAST

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | GMLPS MANJERI EAST |
| ഉപജില്ല | : | MANJERI |
| ജില്ല | : | MALAPPURAM |

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

<u>ലക്ഷ്യം</u> :- പ്രൈമറിക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസരപഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

<u>പൊതു തത്വങ്ങൾ</u> :-

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.

* സർകാത്മകതക്കും സ്വയം പഠനത്തിനും പ്രാധാന്യം.

* സാമൂഹികവും പാരിസ്ഥിതിഗവുമായ അവബോധം വളർത്തൽ.

* സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം

* കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

# പ്രവർത്തന കലണ്ടർ

## മലയാളം & Mathematics

| ക്രമ നമ്പർ | പരുപാടിയുടെ പേര് | നിർവഹണ കാലം |
| --- | --- | --- |
| 1 | മലയാള മധുരം | ജൂൺ - മാർച്ച് |
| 2 | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 3 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 4 | റീഡേഴ്സ് തീയേറ്റർ | ജൂലൈ -മാർച്ച് |
| 5 | നാട്ടുവിശേഷം കൂട്ടെഴുത് | ജൂലൈ -മാർച്ച് |
| 6 | 6 ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ ഓരോന്ന് വീതം |
| 7 | രചനോത്സവം | ജൂലൈ - ഫെബ്രുവരി |
| 8 | ഭാഷോത്സവം | ജനുവരി |
| 9 | വായനോത്സവം | ജൂൺ - മാർച്ച് |
| 10 | ഗണിത കേളികൾ | ജൂൺ - മാർച്ച് |
| 11 | പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് |
| 12 | ലഘു പ്രൊജക്റ്റ് | ഓരോ മാസവും ഓരോന്ന് |
| 13 | വിജയ സ്പർശം | ജൂൺ - മാർച്ച് |

| | | |
|---|---|---|
| 14 | പാനീയമേള | ഡിസംബർ |
| 15 | ഭക്ഷ്യമേള | ഡിസംബർ |
| 16 | പലഹാരമേള | ഡിസംബർ |
| 17 | മഞ്ചാടി സഞ്ചി | ജൂൺ - മാർച്ച് |
| 18 | പരീക്ഷനോത്സവം | ജൂൺ - ഫെബ്രുവരി |
| 19 | രക്ഷിതാക്കൾക്ക് ശില്പശാല | ജൂൺ - ജനുവരി |

## *1. മലയാളം മധുരം*

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u> :-

> ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

> സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

> ആശയം ഗ്രഹിച്ച് മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.

> ഭാവത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

> കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

<u>പ്രവർത്തന ഘട്ടങ്ങൾ</u> :-

എസ്. ആർ. ജി യിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ യിൽ അവലോകനം -ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു.

വായനോത്സവം :- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം- ഓരോ മാസവും.

ചുമതല :

ക്ലാസ് ടീച്ചർ

രക്ഷിതാവ്

സാമ്പത്തികം :

PTA, BRC

## *2. സംയുക്ത ഡയറി*

പ്രവർത്തന ലക്ഷ്യങ്ങൾ :

> സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

> സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

> സ്വതന്ത്ര രചന നടത്തുന്നതിന്.

> ഭാഷാശേഷി വികസിപ്പിക്കുന്നതിന്.

പ്രവർത്തന ഘട്ടങ്ങൾ :

SRG യിൽ മികച്ച ഡയറിയുടെ അവതരണം - ജൂൺ ആദ്യവാരം.

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതവിന്റെ പിന്തുണ ഉറപ്പാക്കൽ -ജൂൺ രണ്ടാം വാരം.

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു -ജൂലൈ.

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു (അതാത് മാസം ).

കൗതുകമുള്ള ഡയറി കുറിപ്പുകൾ ക്ലാസ്സിൽ പങ്കുവെക്കുന്നു (ജൂൺ -മാർച്ച് വരെ ).

സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു (ജനുവരി ).

സംയുക്ത ഡയറി പ്രകാശനം (ജനുവരി ).

<u>ചുമതല</u> :

ക്ലാസ് ടീച്ചർ

രക്ഷിതാവ്

<u>സാമ്പത്തികം</u> :

CPTA

## *3. പാട്ടരങ്ങ്*

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u> :-

> താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റു സമാന കവിതകളും ഈണം നൽകിഭാവത്മകമായി

അവതരിപ്പിക്കുന്നു.

> കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുന്നു.

> ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

> ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

> ഭാഷാ പ്രവർത്തനങ്ങൾ സർകാത്മകവും സജീവവുമാക്കുന്നു.

<u>പ്രവർത്തന ഘട്ടങ്ങൾ</u> :

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച. (ജൂൺ ആദ്യവാരം )

പാട്ടരങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു (ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ് അവതരിപ്പിക്കൽ (സെപ്റ്റംബർ മുതൽ )

<u>ചുമതല</u> :

ക്ലാസ് ടീച്ചർ

രക്ഷിതാവ്

<u>സാമ്പത്തികം</u> :

BRC

## *4. റീഡേഴ്സ് തീയേറ്റർ*

പ്രവർത്തന ലക്ഷ്യങ്ങൾ :

> രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തീയേറ്റർ പ്രവർത്തനങ്ങളിൻ ഏർപ്പെടുന്നു.

> രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

> പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

> ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ :

SRG യിൽ ആശയം പങ്കിടൽ (ജൂൺ)

CPTA യിൽ ആശയം പങ്കിടൽ. പിന്തുണ ഉറപ്പാക്കൽ. (ജൂൺ 3ആം വാരം )

ഏകദിന റീഡേഴ്സ് തീയേറ്റർ ശില്പശാല (ജൂലൈ ).

എല്ലാ കുട്ടികളെയും പങ്കാളികളാക്കി പഠഭാഗങ്ങൾ തിരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തീയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു.

ചുമതല :

ക്ലാസ് ടീച്ചർ

സാമ്പത്തികം :

BRC

## *5. നാട്ടുവിശേഷം കൂട്ടെഴുത്ത്*

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u> :

> പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

> പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

> നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പ് വരുത്തി ക്ലാസ്
പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

> മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.

> പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്
നടപ്പിലാക്കാൻ കഴിയുന്നു.

<u>പ്രവർത്തന ഘട്ടങ്ങൾ</u> :

SRG യിൽ അവതരണം (ജൂൺ)

പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു(ജൂൺ ).

PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു (ജൂലൈ).

പാഠഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം (ജൂലൈ to
മാർച്ച് ).

ചുമതല :

ക്ലാസ് ടീച്ചർ, CPTA, SRG

സാമ്പത്തികം :

CPTA, BRC

## *6. ക്ലാസ് പത്രം*

പ്രവർത്തന ലക്ഷ്യങ്ങൾ :

> ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.

> രചനാ ശേഷി പരിപോഷിപ്പിക്കുന്നു.

> വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

> സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

> ദൈനം ദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

പ്രവർത്തന ഘട്ടങ്ങൾ :

ക്ലാസ് പത്ര ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും SRG യിൽ അവതരിപ്പിക്കുന്നു (ജൂലൈഅവസാനം ).

CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു,പിന്തുണ ഉറപ്പാക്കുന്നു (ജൂലൈ അവസാനം ).

കണ്ടെത്തലുകളുടെ അവതരണം (ജൂലൈ -മാർച്ച് ). കൂട്ടെഴുത്ത് നടക്കുന്നു.

പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.

ചുമതല :

ക്ലാസ് ടീച്ചർ

സാമ്പത്തികം :

PTA

## *7. രചനോത്സവം*

പ്രവർത്തന ലക്ഷ്യങ്ങൾ :

> എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

> രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

> കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ :

SRG യിൽ അംഗീകാരം വാങ്ങുന്നു (ജൂൺ രണ്ടാം വാരം).
CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു (ജൂൺ 3-ആം വാരം)
പ്രതിമാസ രചനോത്സവം (July - ഫെബ്രുവരി )
രചനകൾ പ്രസിദ്ധീകരിക്കൽ.
വ്യക്തികത രചനകൾ പ്രസിദ്ധീകരിക്കൽ ( മാർച്ച് )

ചുമതല :
ക്ലാസ് ടീച്ചർ, CPTA

സാമ്പത്തികം :
CPTA, BRC

## 8. ഭാഷോത്സവം

പ്രവർത്തന ലക്ഷ്യങ്ങൾ :

> ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

> കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.

> കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.

> അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

<u>പ്രവർത്തന ഘട്ടങ്ങൾ</u> :

ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.
PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.
പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.
സാമൂഹിക പങ്കാളിത്വം ഉറപ്പാക്കുന്നു.

<u>ചുമതല</u> :
ക്ലാസ് ടീച്ചർ , CPTA

<u>സാമ്പത്തികം</u> :

SRG, CPTA

## *9. വായനോത്സവം*

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u> :

> എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

> കുട്ടികളിൽ വായനാശീലം വളർത്തുന്നു.

> ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

> വായനാകുറിപ്പ് തയ്യാറാക്കുന്നു.

<u>പ്രവർത്തന ഘട്ടങ്ങൾ</u> :

SRG യിൽ അംഗീകാരം വാങ്ങുന്നു (ജൂൺ )
CPTA യിൽ ചർച്ച ചെയ്യുന്നു, രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു (ജൂലൈ ആദ്യവാരം )
ഓരോ മാസവും വായനോത്സവം നടത്തുന്നു.

<u>ചുമതലകൾ</u> :
ക്ലാസ് ടീച്ചർ
രക്ഷിതാവ്

<u>സാമ്പത്തികം</u> :
CPTA
BRC

## *10. ഗണിത കേളികൾ*

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u> :

> കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു.

> ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു.

> യുക്തിബോധം വളർത്തുന്നു.

<u>പ്രവർത്തനങ്ങൾ</u> :

വ്യത്യസ്തമായ പഠനലക്ഷ്യങ്ങൾക്ക് അനുയോജ്യമായ ഗണിത കളികളിൽ ഏർപെടുന്നു.

(സങ്കലനം വ്യവകലനം ഗുണനം)

കാലാവധി : ജൂൺ - മാർച്ച്

<u>ചുമതലകൾ</u> :

ക്ലാസ് ടീച്ചർ

SRG

<u>സാമ്പത്തികം</u> :

CPTA

SSK

## *11. പരീക്ഷണങ്ങൾ*

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u> :

> ശാസ്ത്രപഠനം

> ആസ്വാദ്യകരമാക്കുന്നു.

> അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

> വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻപ്രാപ്തരാക്കുന്നു.

> യുക്തിചിന്ത വളർത്തുന്നു.

<u>പ്രവർത്തനങ്ങൾ</u> :

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകല്പന

ചെയ്യുകയും ചെയ്യുന്നു. (ജൂൺ - ഫെബ്രുവരി)

ചുമതലകൾ :

ക്ലാസ് ടീച്ചർ

CPTA

സാമ്പത്തികം :

SSK

PTA

## *12. ലഘു പ്രൊജക്റ്റ്*

പ്രവർത്തന ലക്ഷ്യങ്ങൾ :

> കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക.

പ്രവർത്തനങ്ങൾ :

കുട്ടികൾ നേരിടുന്ന പഠനപ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം,താരതമ്യം,

വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്താൻ പ്രാപ്തരാകുന്നു.നേരിടുന്ന

പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു. (ജൂൺ - മാർച്ച് )

ചുമതലകൾ :

ക്ലാസ് ടീച്ചർ

SRG

PTA

<u>സാമ്പത്തികം</u> :

PTA

SSK

## *13. വിജയ സ്പർശം*

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u> :

> എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

> നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.

<u>പ്രവർത്തനങ്ങൾ</u> :

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ് നൽകുക.

വർക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു. (ജൂൺ - ഫെബ്രുവരി)

ചുമതലകൾ :

ക്ലാസ് ടീച്ചർ

SRG

സാമ്പത്തികം :

PTA

SSK

## *14. പാനീയമേള*

പ്രവർത്തന ലക്ഷ്യങ്ങൾ :

> ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് കടയിൽ നിന്ന് വാങ്ങുന്ന

> കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിയുന്നതിന്.

•> ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

പ്രവർത്തനങ്ങൾ :

SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള

സംഘടിപ്പിക്കുന്നു.

ചുമതലകൾ :

ക്ലാസ് ടീച്ചർ

HM

സാമ്പത്തികം :

CPTA

## 15. ഭക്ഷ്യമേള

പ്രവർത്തന ലക്ഷ്യങ്ങൾ :

പഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

ചുമതലകൾ :

CPTA

ക്ലാസ് ടീച്ചർ

സാമ്പത്തികം :

CPTA

## *16. പലഹാരമേള*

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u> :

> പലതരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്.

> അവ ഉണ്ടാക്കുന്ന വിധം മനസ്സിലാക്കുന്നതിന്.

> ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

> പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാരമേള സംഘടിപ്പിക്കുന്നു.

<u>ചുമതല</u> :

CPTA

ക്ലാസ് ടീച്ചർ

<u>സാമ്പത്തികം</u> :

CPTA

## *17. മഞ്ചാടി സഞ്ചി*

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u> :

> വിവിധ പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് ഉപകരിക്കുന്ന സാമഗ്രികൾ

ആവശ്യമാണ് ഭിന്നതല പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ മുമ്പ് തയ്യാറാക്കിയ പഠനോപകരണങ്ങളും

സാമഗ്രികളും ആവശ്യമായി വരുന്നു.

> തരത്തിലുള്ള സാധനസാമഗ്രികൾ സൂക്ഷിച്ചുവെക്കാൻ 'മഞ്ചാടി സഞ്ചി ' ഉപകാരപ്പെടും.

> ഡൈസ്,മുത്ത്,കമ്പ്, സംഖ്യാ കാർഡ്, സംഖ്യ സ്ട്രിപ്പ് മുതലായവ മഞ്ചാടി സഞ്ചിയിൽ നിറക്ക

ലക്ഷ്യ പ്രസ്താവന Elps മുഖേന ഗണിത ശേഷികൾ എളുപ്പത്തിലും രസകരവും ആക്കുന്നതിന്

ഗണിതം ആസ്വാദകരമാക്കുന്നതിന്

<u>പ്രവർത്തനങ്ങൾ</u>

പത്തിന്റെ കെട്ടുകൾ മഞ്ചാടി പുളിങ്കുരു സ്ട്രോ മുത്ത് സോഡാ കുപ്പിയുടെ അടപ്പ് എന്നിവ അടങ്ങിയ കിറ്റ് എല്ലാ കുട്ടികളുടെ ഗണിത കിറ്റിലും ഉൾപ്പെടുത്തുന്നു

<u>ചുമതല</u>

ക്ലാസ് ടീച്ചർ

രക്ഷിതാവ്

<u>സാമ്പത്തികം</u>

പിടിഎ

## *18. പരീക്ഷണോത്സവം*

നേരെ അനുഭവങ്ങളിലൂടെയുള്ള പഠനം താല്പര്യവും കൗതുകവും ഉണർത്തുന്നു. നിരീക്ഷണ പരീക്ഷണങ്ങളിലൂടെ അറിവിന്റെ വികാസം സാധ്യമാകുന്നു ഒപ്പം അന്വേഷണാത്മക പഠനവും സാധ്യമാകുന്നു. പഞ്ചേന്ദ്രിയ അനുഭവങ്ങളിലൂടെയുള്ള പരീക്ഷണ ശാസ്ത്ര പഠനം കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തുകയും താൽപ്പര്യം ജനിപ്പിക്കുകയും ചെയ്യുന്നു

<u>ലക്ഷ്യപ്രസ്താവനകൾ</u>

> ശാസ്ത്ര പഠനം ആസ്വാദകരമാകുന്നു

> അപഗ്രഥിച്ച് നിഗമനത്തിൽ എത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു

> വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത കൃത്യത പാലിച്ചുകൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തനാകുന്നു

> യുക്തി ചിന്ത വളർത്തുന്നു

പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നു പുതിയതു രൂപകല്പന ചെയ്യുന്നു

ചുമതല

ക്ലാസ് ടീച്ചർ

കുട്ടികൾ

സാമ്പത്തികം

SSK

PTA

## *19. രക്ഷിതാക്കൾക്ക് ശില്പശാല*

ലക്ഷ്യപ്രസ്താവനകൾ

> പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക

> പാഠഭാഗങ്ങളും പാഠവസ്തുക്കളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക

പ്രവർത്തനങ്ങൾ

പാഠഭാഗത്ത് വരുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി സചിത്ര പ്രവർത്തന പുസ്തകം ഗണിത കിറ്റ് ശാസ്ത്ര എന്നിവയെല്ലാം തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾ താങ്ങും തണലുമായി കൂടെ നിന്ന് രക്ഷിതാക്കൾ പഠനത്തിന് വേണ്ട പിന്തുണ ഉറപ്പാക്കുന്നതിനുള്ള ധാരണ ഉണ്ടാക്കുക

ചുമതല

SRG

HM

ക്ലാസ് ടീച്ചർ

സാമ്പത്തികം

SSK PTA

## *കലാകായിക പ്രവർത്തി പരിചയ നിർമ്മാണ പ്രവർത്തനങ്ങൾ*

എയ്റോബിക്സ് (ജൂൺ - മാർച്ച്)

ക്ലാസ് റൂം കൂടുതൽ ഇന്ററാക്ടീവ് ആക്കാനും സന്തോഷകരമാക്കാനും വ്യായാമത്തിനും ധാരാളം പങ്കുണ്ട്. കുട്ടികൾ വ്യായാമത്തിൽ ഏർപ്പെടുമ്പോൾ ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസ്സും ഉള്ളവരാക്കി മാറ്റുന്നു. അത് വഴി കുട്ടികൾ സംഘർഷം കുറഞ്ഞ  മനസ്സുള്ളവരായി മാറുന്നു. ഇത് കുട്ടികളുടെ ലിസണിങ് സ്കിൽ വർദ്ധിപ്പിക്കുന്നു അതോടൊപ്പം നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരായും ശാരീരിക ചാലക വികാസം നേടാൻ കഴിയുന്നവരായി മാറ്റിയെടുക്കുന്നു

ക്ലാസ് തല ബാലസഭ

കുട്ടികളുടെ സർഗ്ഗശേഷി വികസനത്തിന് ക്ലാസ് തല ബാലസഭ സ്കൂളിൽ സംഘടിപ്പിക്കാം. എല്ലാ വെള്ളിയാഴ്ചകളിലും ഓൺലൈൻ ബാലസഭകൾ രക്ഷിതാക്കൾക്കും കുട്ടികൾക്കും മാസത്തിൽ ഒരുതവണ സംഘടിപ്പിക്കുന്നു

## ക്ലബ്ബ് പ്രവർത്തനങ്ങൾ

ഭാഷ ക്ലബ്ബ് ഇംഗ്ലീഷ് ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് ഗണിത ക്ലബ് പരിസ്ഥിതി ക്ലബ്ബ് തുടങ്ങിയവ അതാത് സമയങ്ങളിൽ രൂപീകരിക്കുകയും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക

## *ENGLISH*

| Activity | Aim | Duration | Duties | Financial |
|---|---|---|---|---|
| English diary | Ability to write English without errors | One day in a Week | Class Teacher | ------- |
| English Theatre | Nurturing creativity | One day in A Month | Class Teacher | SMC |
| English Magazine | Nurturing creativity, Development of writing skills | Once in 3 Months | HM ,Class Teacher, SMC | SMC |
| English Handwriting | Improve their writing Skill | One day in a Month | Class Teacher | PTA |
| English Corner | Improve their reading and writing skill | Once in 2 Weeks | Class Teacher | Parents |
| English Assembly | Improving the ability to read , speak , and writ effectively | Once in a Week | Class Teacher | ------- |